# കമ്മ്യൂണിസ്റ്റ് പാർട്ടികൾ മറന്ന ഇടപ്പള്ളി സമരം

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ചോരചിന്തിയ ഏടാണ് ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണം. ഇടപ്പള്ളി സമരത്തിന് അറുപതാണ്ട് തികയുന്ന വേളയിൽ കമ്മ്യൂണിസ്റ്റു പാർട്ടികൾ അത് മറന്നതെന്തുകൊണ്ട്?

■ **ബിജുരാജ്**

കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ ഇടപ്പള്ളി കലാപത്തിന് സുപ്രധാന പങ്കാണുള്ളത്. 1950 ഫെബ്രുവരി 28-ന് നടന്ന പൊലീസ് സ്റ്റേഷൻ ആക്രമണം വ്യാപകമായ ഭരണകൂടമർദ്ദനം തിരു-കൊച്ചിയിൽ അഴിച്ചുവിട്ടു. രണ്ടു രക്തസാക്ഷികൾ, മൂന്നുമാസം നീണ്ടുനിന്ന മർദ്ദനങ്ങൾ, തകർന്നുപോയ സംഘടന തുടങ്ങിയവയാണ് അതിന്റെ ആദ്യ ബാക്കിപത്രം. അതൊരു താൽക്കാലിക തിരിച്ചടിയായിരുന്നുവെന്ന് പറയാം. കാരണം, ആലുവ മേഖലയിൽ തൊഴിലാളി പ്രസ്ഥാനം വീണ്ടും ശക്തിയാർജ്ജിക്കുകയാണുണ്ടായത്. ഇടപ്പള്ളിയുൾപ്പെടെയുള്ള സമരനിലങ്ങളിലൂടെയാണ് കമ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേക്ക് നടന്നുചെന്നത്. അത്യന്തികമായി ജനങ്ങളെ ചലിപ്പിച്ച ഏതൊരു ചരിത്ര ഇടപെടലും കമ്യൂണിസ്റ്റുകാർ അനുസ്മരിക്കുകയും ഉയർത്തിപ്പിടിക്കേണ്ടതുമുണ്ട്. പക്ഷേ, എന്തുകൊണ്ടാവണം ഇടപ്പള്ളി കലാപത്തെപ്പറ്റി ഔദ്യോഗിക കമ്യൂണിസ്റ്റുകാർ ഒന്നും പറയാത്തത്? എന്തുകൊണ്ടാണ് രക്തസാക്ഷി കെ.യു. ദാസിന്റെയും എ.വി. ജോസഫിന്റെയും പേരുകൾ ആവേശത്തോടെ



ബി.ടി. രണദിവെ

സ്മരിക്കപ്പെടാത്തത്? ഇടപ്പള്ളിയിൽ നടന്ന സംഭവങ്ങൾ എല്ലാം അന്നത്തെ പാർട്ടിയുടെ അഖിലേന്ത്യാ ലൈനിനനുസരിച്ചുള്ളതായിരുന്നു. സായുധ സമരം അഴിച്ചുവിട്ട് ഒറ്റഘട്ട സോഷ്യലിസ്റ്റ് വിപ്ലവത്തിലൂടെ അധികാരം പിടിച്ചെടുക്കുകയെന്നതാണ് പാർട്ടി

നയം. അക്രമപ്രവർത്തനങ്ങൾ വിപ്ലവത്തിൻെറ അവിഭാജ്യഭാഗമാണ്. 1948 ഫെബ്രുവരിയിൽ നടന്ന, സി.പി.ഐയുടെ രണ്ടാം പാർട്ടി കോൺഗ്രസിൽ ബി.ടി. രണദിവെ ഈ ലൈൻ അവതരിപ്പിച്ച് മേൽക്കൈ നേടി. അന്നുവരെ കോൺഗ്രസിനു പിന്നിൽ ഇഴഞ്ഞിരുന്ന വലതുപക്ഷക്കാരനായ പി.സി. ജോഷിയെ സെക്രട്ടറി പദത്തിൽ നിന്നും രണദിവെ പുറംതള്ളി. ഈ അഖിലേന്ത്യാ ലൈനിന്റെ തുടർച്ചയായിട്ടാണ് ഇടപ്പള്ളിയിലും ആക്രമണം നടക്കുന്നത്. അതുകൊണ്ടുതന്നെ, കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരായ കുറേപ്പേർ ചേർന്നു നടത്തിയ കേവല ആക്രമണമായി ഇടപ്പള്ളി കലാപത്തെ കണ്ടുകൂടാ. എങ്കിലും ഇടപ്പള്ളിക്കൊരു ധിക്കാരത്തിന്റെ സ്വഭാവമുണ്ടായിരുന്നു.

പുന്നപ്ര-വയലാറിനുശേഷം ഒരു തരത്തിലുള്ള സായുധ ഇടപെടലും നടത്തരുതെന്ന് നിശ്ചയിച്ച കേരളത്തിലെ പാർട്ടിനേതൃത്വത്തെ ബോധപൂർവം തന്നെ ഇടപ്പള്ളിയിലെ കലാപകാരികൾ മറികടന്നു. കേരളത്തിലെ പാർട്ടി നേതൃത്വം ഇടപ്പള്ളി ആക്രമണത്തെപ്പറ്റി അറിയുന്നത് അത് നടന്നശേഷമാണ്. പാർട്ടിയിലെ വലതുപക്ഷത്തോടുള്ള സമരം കൂടിയായിരുന്നു ഇടപ്പള്ളി എന്ന് വ്യക്തമാണ്. പാർട്ടിയുടെ വലതുപക്ഷ നേതൃത്വത്തോടുള്ള നിഷേധമാണ് പുന്നപ്രയിലും നടന്നത്. തിരുവിതാംകൂർ കമ്യൂണിസ്റ്റ് പാർട്ടി തനിച്ചാണ് പുന്നപ്രയിൽ ഉയർത്തെഴുന്നേൽപ്പ് സംഘടിപ്പിച്ചത്. അങ്ങനെ നോക്കുമ്പോൾ പുന്നപ്ര-വയലാറിന്റെ പൈതൃകത്തെ ഇടപ്പള്ളിയും പിൻപറ്റുന്നുണ്ട്.

അഖിലേന്ത്യാ കമ്യൂണിസ്റ്റ് പാർട്ടി 1950 മാർച്ച് ഒൻപതിന് രാജ്യവ്യാപകമായി റെയിൽവേ പണിമുടക്ക് പ്രഖ്യാപിച്ചിരുന്നു. 'ഭരണകൂടത്തെ മറിച്ചിടുന്ന ശ്രമത്തിന്റെ ഭാഗമായിട്ടാണ് രണദിവെ അത്തരമൊരു ആഹ്വാനം നൽകിയത്. റെയിൽവേ പണിമുടക്ക് വിജയിപ്പിക്കുന്നതിന്റെ ഭാഗമായി ആലുവ പാർട്ടി കമ്മിറ്റിക്ക് മേൽകമ്മിറ്റിയിൽ നിന്ന് കിട്ടിയ നിർദേശം അങ്കമാലി മുതൽ വടുതല (എറണാകുളം) വരെയുള്ള റെയിൽഗതാഗതം സ്തംഭിപ്പിക്കുക എന്നതായിരുന്നു. അന്ന് ആലുവ-ഏലൂർ മേഖലയിൽ തൊഴിലാളി പ്രസ്ഥാനം ശക്തമാണ്. സ്റ്റാൻഡേർഡ് പോട്ടറീസ്, ഇന്ത്യൻ അലുമിനിയം കമ്പനി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലാളി യൂണിയനുകൾ രൂപീകരിക്കപ്പെട്ടിരുന്നു. ആലുപ്പുഴ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന അഖില തിരുവിതാംകൂർ ട്രേഡ്യൂണിയൻ കോൺഗ്രസിന്റെ അനുബന്ധമായിട്ടാണ് ആലുവയിലെ തൊഴിലാളി യൂണിയനുകളും പ്രവർത്തിച്ചിരുന്നത്. ആലപ്പുഴയിൽ നിന്ന് പാർട്ടി നിയോഗിച്ച എൻ.കെ. മാധവനാണ് യൂണിയൻ സംഘടിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത്.

റെയിൽവേ പണിമുടക്ക് വിജയിപ്പിക്കുന്നതിനെപ്പറ്റി പലവട്ടം ചർച്ചകൾ നടന്നു. ചെറിയതെങ്കിലും ഇടപ്പള്ളി റെയിവേ സ്റ്റേഷന് അന്ന് നിർണ്ണായക പ്രധാന്യമുണ്ട്. എറണാകുളത്തേയ്ക്കുള്ള ട്രെയിനുകളുടെ ഷണ്ടിംഗ് കേന്ദ്രമാണ് ഇടപ്പള്ളി. പോണേക്കര അന്ന് റെയിൽവേത്തൊഴിലാളികളുടെ കേന്ദ്രമാണ്. പണിമുടക്കിനെ മറികടന്ന് ട്രെയിൻ വന്നാൽ അട്ടിമറിക്കാനും തൊഴിലാളികൾ പദ്ധതിയിട്ടു. പണിമുടക്കുമായി ബന്ധപ്പെട്ട് രഹസ്യയോഗത്തിൽ പങ്കെടുത്ത് മടങ്ങിയ എൻ.കെ. മാധവനെയും വറീതുകുട്ടിയെയും പൊലീസ് അറസ്റ്റ് ചെയ്യുന്നതോടെയാണ് 'ഇടപ്പള്ളി സംഭവ'ത്തിന്റെ തുടക്കം. ഇരുവരെയും 26-ന് രാത്രി പൊലീസ് ലോക്കപ്പിലടച്ചു.

## ആക്ഷനും പൊലീസ് വേട്ടയും

തൊട്ടടുത്ത ദിവസം, ഫെബ്രുവരി 27-ന് പോണേക്കരയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരുടെ രഹസ്യയോഗം നിശ്ചയിച്ചിരുന്നു. പണിമുടക്ക് വിജയത്തിനുള്ള കർമ്മസമിതി രൂപീകരിക്കലായിരുന്നു ലക്ഷ്യം. പാർട്ടി അംഗങ്ങൾ, അനുഭാവികൾ, തൊഴിലാളി യൂണിയൻ നേതാക്കൾ തുടങ്ങിയവരുടെ സംയുക്തയോഗമാണ് നിശ്ചയിച്ചിരുന്നത്. പത്തൊൻപത് പേർ യോഗത്തിന് എത്തണം. രണ്ട് സഖാക്കൾ ലോക്കപ്പിൽ മർദ്ദനമേറ്റ് കഴിയുന്നുണ്ടെന്നുള്ള വിവരം യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. സ്റ്റേഷൻ ആക്രമിച്ച് ലോക്കപ്പിലുള്ളവരെ മോചിപ്പിക്കാൻ ഉടൻ തീരുമാനിച്ചു. കെ.സി. മാത്യുവാണ് നിർദേശം മുന്നോട്ടുവച്ചത്. എല്ലാവരും



പിന്താങ്ങി. പരസ്യമായി ഒരെതിർപ്പും ആരും പ്രകടിപ്പിച്ചില്ല. എം.എം. ലോറൻസ്, വി. വിശ്വനാഥ മേനോൻ തുടങ്ങിയ ഒന്നുരണ്ടുപേർ രഹസ്യമായി എതിർപ്പു പ്രകടിപ്പിച്ചെങ്കിലും ഭീരുക്കളായി മുദ്രകുത്തപ്പെടുമെന്ന് ഭയന്ന് നിശ്ശബ്ദത പാലിച്ചു. യഥാർത്ഥത്തിൽ ലോറൻസും വിശ്വനാഥമേനോനും ഉൾപ്പടെയുള്ളവർ എറണാകുളത്തു നിന്ന് എത്തുന്നതിനു മുൻപേ കെ.സി. മാത്യുവിന്റെ നേതൃത്വത്തിൽ സ്റ്റേഷനാക്രമണം നിശ്ചയിക്കപ്പെട്ടിരുന്നു. ആക്ഷന്റെ നേതൃത്വത്തിനായി നാലംഗ കമ്മിറ്റിയും ഉണ്ടാക്കി. കെ.സി. മാത്യു, എം.എം. ലോറൻസ്, കെ.യു. ദാസ്, വി. വിശ്വനാഥമേനോൻ എന്നിവരായിരുന്നു ആക്ഷൻ കമ്മിറ്റിയിലുണ്ടായിരുന്നത് കെ.സി. മാത്യുവിനായിരുന്നു മുഖ്യചുമതല.

രാത്രി പത്തിന് മുൻപായി രണ്ടുവാക്കത്തി, കുറച്ച് വടികൾ, ഒരു കൈബോംബ് എന്നിവ സംഘം സംഘടിപ്പിച്ചു. രാത്രി 2.15 ന്, പതിനേഴു പേർ സ്റ്റേഷനു മുന്നിലെത്തി. കെ.സി. മാത്യു നിർദ്ദേശം നൽകിയതിനെ തുടർന്ന് ആക്രമണം നടന്നു. കൈബോംബ് എറിഞ്ഞെങ്കിലും പൊട്ടിയില്ല. ആക്രമണത്തിൽ മാത്യു, വേലായുധൻ എന്നീ രണ്ട് കോൺസ്റ്റബിൾമാർ കൊല്ലപ്പെട്ടു. സഹപ്രവർത്തകർ വീണതോടെ മറ്റ് പൊലീസുകാർ ഓടി രക്ഷപ്പെട്ടു.

ലോക്കപ്പിൽ കിടന്ന മാധവനെയും വറീതിനെയും മോചിപ്പിക്കാനുള്ള കലാപകാരികളുടെ ശ്രമം വിജയിച്ചില്ല. കാരണം, ലോക്കപ്പിന്റെ താക്കോൽ കണ്ടെടുക്കാൻ കഴിഞ്ഞില്ല. ലോക്കപ്പിന്റെ താക്കോൽ കൃഷ്ണപിള്ളയെന്ന പോലീസുകാരൻ വീട്ടിൽ കൊണ്ടുപോയിരുന്നു. ലോക്കപ്പിന്റെ താഴ് തല്ലിപ്പൊളിക്കാനും കഴിഞ്ഞില്ല. പത്ത് മിനിറ്റിനുശേഷം സംഘം സ്റ്റേഷനിൽ നിന്ന് മടങ്ങി. നാല് തോക്കുകൾ സ്റ്റേഷനിൽ നിന്ന് എടുത്തുകൊണ്ടുപോന്നു.

പൊലീസ്‌വേട്ട ഉണ്ടാവുമെന്നറിഞ്ഞതോടെ എല്ലാവരും ഒളിവിൽപ്പോയി. സ്റ്റേഷൻ ആക്രമണം അതിനകം വാർത്തയായതിനാൽ പല വീടുകളിലും കലാപകാരികൾക്ക് ഷെൽട്ടർ ലഭിച്ചില്ല. തോക്കുകൾ കലൂരിൽ ഒരുകുളത്തിൽ കൊണ്ടിട്ടു. പെട്ടന്നുതന്നെ പൊലീസിന് തെളിവുകൾ കിട്ടി. ഒന്നിനു പുറകെ ഒന്നായി കെ.സി. മാത്യുവും, ലോറൻസുമെല്ലാം അറസ്റ്റിലായി. കെ.യു. ദാസിനെ പൊലീസ് ആലുവ സ്റ്റേഷൻ ലോക്കപ്പിലിട്ടു മർദ്ദിച്ചവശനാക്കി. സ്റ്റേഷനിൽ വച്ച് മരിച്ച ദാസിന്റെ മൃതദേഹം വീട്ടുകാർക്ക് വിട്ടുകൊടുക്കാതെ പൊലീസ് മറവു ചെയ്തു. സംഭവുമായി ബന്ധമുണ്ടെന്ന് ആരോപിച്ച് പിടികൂടിയ കെ.എസ്.പി. പ്രവർത്തകൻ ജോസഫിനെയും പൊലീസ് മർദ്ദിച്ചുകൊന്നു. ഇടപ്പള്ളി സംഭവത്തിലെ പ്രതികളെ പിടികൂടാനായി പൊലീസ് രാത്രി വീടുകൾ കയറിയിറങ്ങി. സ്ത്രീകൾ ഉൾപ്പടെ പലരെയും മർദ്ദിച്ചു. അറസ്റ്റിലായവർക്കെല്ലാം കടുത്ത മർദ്ദനമേറ്റു.



എൻ.കെ. മാധവൻ

1952–ന് സെഷൻസ് കോടതി വിചാരണ തുടങ്ങി. കെ.സി. മാത്യു, വി. വിശ്വനാഥ മേനോൻ, എം.എം. ലോറൻസ്, എൻ.കെ. മാധവൻ, എൻ.എ. കുമാരൻ, കെ.ബി. ജോർജ്ജ്, കെ.എ. എബ്രഹാം, എൻ.എ. കുമാരൻ, കെ.യു. ദാസ്, കെ.എ. രാജൻ, പയ്യപ്പിള്ളി ബാലൻ, കെ.ആർ. കൃഷ്ണൻകുട്ടി, കെ.എ. വറുതുകുട്ടി, കുഞ്ഞൻബാവ, കുഞ്ഞുമോൻ, വി.പി. സുരേന്ദ്രൻ, എൻ.കെ. ശശിധരൻ, എം.എ. അരവിന്ദാക്ഷൻ, കെ.എ. രാജൻ, വി. ശൗരിമുത്തു, ഒ. രാഘവൻ തുടങ്ങിയവരായിരുന്നു പ്രതികൾ. വറീതുകുട്ടിയും മാധവനും പയ്യപ്പിള്ളി ബാലനും ആക്രമണത്തിൽ പങ്കെടുത്തില്ലെങ്കിലും പ്രതിയാക്കപ്പെട്ടു. ആക്ഷനിൽ പങ്കെടുത്ത പതിനൊന്നുപേർ മാത്രമാണ് പിടിക്കപ്പെട്ടത്. സെഷൻസ് കോടതി കെ.സി. മാത്യു, കെ.എ. എബ്രഹാം, കെ.ആർ. കൃഷ്ണൻ കുട്ടി എന്നിവർക്ക് പന്ത്രണ്ട് വർഷം കഠിനതടവ് വിധിച്ചു. മറ്റുള്ളവർക്ക് അഞ്ചും മൂന്നും വർഷം വീതമായിരുന്നു ശിക്ഷ. പ്രതികൾ ഹൈക്കോടതിയിൽ അപ്പീൽ നൽകി. ശിക്ഷ വർധിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരും ഹർജി നൽകി. എല്ലാവർക്കും ജീവപര്യന്തമാക്കി ഹൈക്കോടതി ശിക്ഷ വിധിച്ചു. സുപ്രീംകോടതിയും ശിക്ഷ ശരിവച്ചു. ശിക്ഷയനുഭവിച്ചുകൊണ്ടിരുന്ന പ്രതികളെ, ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ വന്നതിനെത്തുടർന്ന് 1957 ഏപ്രിൽ പന്ത്രണ്ടിന് മോചിപ്പിച്ചു.

## പൊലീസ് സ്റ്റേഷൻ ആക്രമണങ്ങൾ

പൊലീസ് സ്റ്റേഷൻ ആക്രമണങ്ങളുടെ ചരിത്രത്തിൽ ഇടപ്പള്ളി വേറിട്ടു നിൽക്കുന്നു. കമ്മ്യൂണിസ്റ്റുകാരുടെ (വിപ്ലവകാരികളുടെ) നേതൃത്വത്തിൽ കേരളത്തിൽ ആറ് പൊലീസ് സ്റ്റേഷനുകളാണ് ഇതുവരെ ആക്രമിക്കപ്പെട്ടിട്ടുള്ളത്. കടയ്ക്കൽ വിപ്ലവത്തിൽ കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലല്ലാതെ ജനങ്ങൾ പൊലീസ് സ്റ്റേഷൻ ആക്രമിച്ചു തകർത്തിരുന്നു. 1943–ൽ ഫോർട്ടുകൊച്ചിയിൽ സൈനിക ബാരക്ക് ആക്രമിച്ചതുപോലുള്ള സംഭവങ്ങളും നടന്നിട്ടുണ്ട്. പക്ഷേ, അവ രണ്ടിനും കമ്യൂണിസ്റ്റുകാർ നടത്തിയ ആക്രമണത്തിന്റെ സ്വഭാവമല്ല. ഭരണകൂടത്തെ മറിച്ചിട്ട് തൊഴിലാളിവർഗ ഭരണകൂടം സ്ഥാപിക്കുക എന്ന ലക്ഷ്യം കമ്യൂണിസ്റ്റുകാരുടെ പ്രവർത്തന പദ്ധതിയായതിനാൽ അവർ നടത്തുന്ന ആക്രമണം മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമായിരിക്കും.

കമ്യൂണിസ്റ്റുകാർ നടത്തിയ ആറ് പൊലീസ് സ്റ്റേഷൻ ആക്രമണങ്ങൾക്ക് ജനങ്ങൾ/വിപ്ലവകാരികൾ വലിയ വില കൊടുക്കേണ്ടി വന്നു എന്നതാണ് സത്യം. സ്വാതന്ത്ര്യത്തിനു മുൻപ് ഒറ്റ സ്റ്റേഷൻ മാത്രമാണ് കമ്യൂണിസ്റ്റുകാർ ആക്രമിച്ചത്; പുന്നപ്രയിൽ. സ്വതന്ത്ര്യത്തിനും അടിയന്തരാവസ്ഥയ്ക്കുമിടയിലായി നാല് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടു, ഇടപ്പള്ളി, തലശ്ശേരി, പുൽപ്പള്ളി, കുറ്റ്യാടി, സ്റ്റേഷനുകൾ. ഇടപ്പള്ളി പൊലീസ് സ്റ്റേഷൻ അവി



പയ്യപ്പിള്ളി ബാലൻ



എം.എം. ലോറൻസ്



വി. വിശ്വനാഥമേനോൻ

ഭക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെയും മറ്റുള്ളവ നക്സലൈറ്റുകളുടെയും നേതൃത്വത്തിലാണ് നടന്നത്. അടിയന്തരാവസ്ഥയിൽ നടന്ന കായണ്ണ സ്റ്റേഷനാക്രമണവും നക്സലൈറ്റുകളാണ് നടത്തിയത്.

1946 ഒക്ടോബർ 24-നാണ് പുന്നപ്രയിൽ തൊഴിലാളികൾ പൊലീസ് ക്യാമ്പ് ആക്രമിക്കുന്നത്. പക്ഷേ, അത് വലിയ ദുരന്തത്തിൽ കലാശിച്ചു. 28 തൊഴിലാളികൾ വെടിയേറ്റു മരിച്ചു. 23 തൊഴിലാളികൾക്ക് വെടിയേറ്റു. സബ് ഇൻസ്പെകടർ വേലായുധൻനാടാർ ഉൾപ്പടെ നാല് പോലീസുകാർ കൊല്ലപ്പെട്ടു. അഞ്ചു പോലീസുകാർക്ക് പരുക്കേറ്റു. തുടർന്ന് ഭരണകൂട അടിച്ചമർത്തലുകൾ തിരുവിതാംകൂറിൽ ശക്തമായി. തൊഴിലാളി ക്യാമ്പുകൾ പിരിച്ചുവിടാനായി പട്ടാളം മൂന്നാം ദിവസം നടത്തിയ വെടിവയ്പ്പിൽ വയലാറിൽ നൂറുകണക്കിനാളുകൾ മരിച്ചു.

## സ്വാതന്ത്ര്യാനന്തരമുള്ള ആക്രമണങ്ങൾ

പുന്നപ്ര കഴിഞ്ഞ് നാലുവർഷത്തിശേഷമാണ് ഇടപ്പള്ളി ആക്രമണം. പിന്നീടൊരു പൊലീസ് സ്റ്റേഷൻ ആക്രമിക്കപ്പെടുന്നത് 1968 ഡിസംബർ 23-ന് തലശ്ശേരിയിൽ നക്സലൈറ്റുകളുടെ നേതൃത്വത്തിലാണ്. തലശ്ശേരിയിലും പുൽപ്പള്ളിയിലും സായുധ ഇടപെടൽ നടത്തിയശേഷം സൈന്യമായി ഇരു സ്ഥലങ്ങളിൽനിന്ന് തിരുനെല്ലികാട്ടിലെത്തുകയും പിന്നീട് സംസ്ഥാനത്ത് മൊത്തത്തിൽ അധികാരം പിടിച്ചെടുക്കുന്ന വിധത്തിൽ മുന്നേറുകയും ചെയ്യുന്ന പദ്ധതിയാണ് കുന്നിക്കൽ നാരായണന്റെ നേതൃത്വത്തിലുള്ള നക്സലൈറ്റ് സംഘം ആസൂത്രണം ചെയ്തത്. തലശ്ശേരി സ്റ്റേഷൻ ആക്രമണം വിജയിച്ചില്ല. തൊട്ടടുത്ത ദിവസം രാത്രിയിൽ പുൽപ്പള്ളി എം.എസ്.പി. ക്യാമ്പ് നക്സലൈറ്റുകൾ ആക്രമിച്ചു. തലശ്ശേരി സ്റ്റേഷൻ ആക്രമിച്ച വാർത്ത കേട്ടയുടൻ പുൽപ്പള്ളി സ്റ്റേഷൻ ആക്രമിക്കുകയെന്നതായിരുന്നു മുൻധാരണ.

തലശ്ശേരിയും പുൽപ്പള്ളിയും ഭീകരമായ ഭരണകൂട അടിച്ചമർത്തലിലേക്ക് നയിച്ചു. ആദിവാസികൾ ഉൾപ്പടെ നൂറുകണക്കിനുപേർക്ക് മർദ്ദനമേറ്റു. പരാജയപ്പെട്ടുവെങ്കിലും കേരളത്തിൽ രാഷ്ട്രീയ അധികാരം ലക്ഷ്യമാക്കി നടന്ന ആദ്യത്തെ സായുധ കലാപമായിരുന്നു തലശ്ശേരി-പുൽപ്പള്ളി.

തലശ്ശേരി-പുൽപ്പള്ളി കലാപത്തിന്റെ ഒന്നാം വാർഷികത്തിൽ, 1969 ഡിസംബർ പതിനേഴിന് രാത്രിയാണ് കുറ്റ്യാടി പൊലീസ് സ്റ്റേഷൻ ആക്രമണം നടന്നത്.

അടിയന്തരാവസ്ഥയിലാണ് ഏറ്റവും അവസാനത്തെ പൊലീസ് സ്റ്റേഷൻ ആക്രമണം നടക്കുന്നത്; കായണ്ണയിൽ. അടിയന്തരാവസ്ഥയിൽ സി.പി.ഐ (എം.എൽ) കേരളത്തിൽ വിവിധ പൊലീസ് സ്റ്റേഷനാക്രമണങ്ങളും വ്യക്തി ഉന്മൂലനങ്ങളും പദ്ധതിയിട്ടിരുന്നു. എന്നാൽ, പദ്ധതികൾ ഒന്നിനു പുറകെ ഒന്നായി പരാജയപ്പെട്ടു. ഇതിന്റെ നിരാശ കലർന്ന വാശിയിലാണ് കൂരാച്ചുണ്ട് (പിന്നീട് കായണ്ണ) സ്റ്റേഷൻ ആക്രമിക്കാൻ തീരുമാനിക്കുന്നത്. 1976 ഫെബ്രുവരി 28 നായിരുന്നു ആക്രമണം. കായണ്ണ പൊലീസ് സ്റ്റേഷൻ ആക്രമണവും വിചാരിച്ചതിലും ഭീകരമായ തിരിച്ചടികളാണ് നക്സലൈറ്റ് പ്രസ്ഥാനത്തിന് നൽകിയത്. കക്കയത്ത് പൊലീസ് ക്യാമ്പ് തുറന്നു. പലരും അറസ്റ്റിലായി. നിരവധിപേർ മൂന്നാം മുറയുൾപ്പടെയുള്ള മർദ്ദനങ്ങൾക്ക് വിധേയരായി. സംഘടന തകർന്നു.

ഫലത്തിൽ സ്വാതന്ത്ര്യത്തിനു മുൻപും ശേഷവുമുള്ള കേരളത്തിലെ സ്റ്റേഷനാക്രമണങ്ങളെല്ലാം തിരിച്ചടി നേരിട്ടുവെന്നുവേണം പറയാൻ. പക്ഷേ, ആക്രമണങ്ങളെ തുടർന്നുണ്ടായ അടിച്ചമർത്തലും മർദ്ദനവും കൂടുതൽ ജനങ്ങളെ ഭരണകൂടത്തിനെതിരാക്കി. അതുകൊണ്ടുതന്നെയാണ് ആക്രമണം നടന്ന മേഖലകളിലെല്ലാം ജനങ്ങൾ കൂടുതലായി വിപ്ലവ പ്രവർ

ത്തനത്തിലേക്ക് തിരിഞ്ഞത്. ഇന്ന് ഇടപ്പള്ളി കലാപത്തെ വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ നമുക്ക് അതിലെ ഗുരുതരമായ പോരായ്മകൾ മനസ്സിലാക്കാനാവും.

## ഇടപ്പള്ളി കലാപത്തിന്റെ പരാജയം

സമഗ്രമായ ഒരു രാഷ്ട്രീയ പദ്ധതിയുടെ ഭാഗമായി ശാസ്ത്രീയമായ രീതിയിലല്ല ഇടപ്പള്ളി കലാപം സംഘടിപ്പിക്കപ്പെട്ടത്. ഭരണകൂടത്തെ അട്ടിമറിക്കുക എന്ന അഖിലേന്ത്യാ ലൈനിന്റെ ഭാഗമായിട്ടാണ് നടന്നതെങ്കിലും വ്യക്തമായ ഒരു പദ്ധതി ആക്രമണത്തിനുണ്ടായിരുന്നില്ല. ഇടപ്പള്ളി സ്റ്റേഷനാക്രമണത്തിൽ പങ്കെടുത്തവരെ നയിച്ചത് മുഖ്യമായും വികാരമാണ്, യുക്തിയല്ല. സഖാക്കളെ അന്യായമായി പൊലീസ് തടങ്കലിലാക്കിയിരിക്കുന്നു എന്ന രോഷം. പൊലീസ് സ്റ്റേഷൻ ആക്രമണം പോലുള്ള ഒന്ന് സംഘടിപ്പിക്കുമ്പോൾ കേവലം രോഷമല്ല കമ്യൂണിസ്റ്റുകളെ നയിക്കേണ്ട വികാരം. ആക്ഷൻ ആസൂത്രണം ചെയ്തത് തലേദിവസം രാത്രി മാത്രമാണ്. ആക്രമണത്തിന്റെ വിശദാംശങ്ങളെപ്പറ്റി ഗൗരവമേറിയ ചർച്ച സംഘാംഗങ്ങൾ തമ്മിൽ നടത്തിയിരുന്നില്ല. ആക്രമണ ടീമിലുണ്ടായിരുന്ന എല്ലാവരും ചർച്ചയിൽ പങ്കാളിയായിരുന്നില്ല.

ആക്രമണത്തിനുശേഷം എന്ത് എന്നതിനെപ്പറ്റി ഒരു വ്യക്തമായ ധാരണയും ആർക്കുമുണ്ടായിരുന്നില്ല. ദേശീയതലത്തിൽ കൽക്കത്താ തീസീസിന്റെ കാലമായിരുന്നുവെങ്കിലും പാർട്ടി നേതൃത്വം ഏറെക്കുറെ അടിച്ചമർത്തപ്പെട്ടിരുന്നു.

ഭരണകൂടത്തോട് സായുധമായി ഏറ്റുമുട്ടുമ്പോൾ ശരിയായ സൈനിക ലൈൻ ആവശ്യമാണ്. അത്തരമൊരു സൈനിക ലൈൻ കലാപത്തിൽ പങ്കെടുത്തവർക്കുണ്ടായിരുന്നില്ല. ഭരണകൂടത്തിന്റെ സായുധ ശക്തിയെ കമ്യൂണിസ്റ്റുകൾ വിലകുറച്ചുകണ്ടു.

ഇടപ്പള്ളി കലാപത്തിന് എന്തൊക്കെ ദൗർബല്യങ്ങളുണ്ടെങ്കിലും അവഗണിക്കേണ്ടതോ തിരസ്കരിക്കപ്പെടേണ്ടതോ ആയ ഒന്നല്ല അത്. കാരണം ഇടപ്പള്ളി കലാപത്തിൽ രക്തസാക്ഷിത്വമുണ്ട്, ത്യാഗമുണ്ട്, ആത്മസമർപ്പണമുണ്ട്, വിപ്ലവത്തോടുള്ള പ്രതിബദ്ധതയുണ്ട്. ജനങ്ങളുടെ ഏതൊരു ഇടപെടലും കേവലമായ വിജയ പരാജയങ്ങളെ അടിസ്ഥാനമാക്കിയല്ല വിലയിരുത്തേണ്ടത്. കേരളത്തിലെ സംഘടിത തൊഴിലാളി വർഗ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തിന് പിന്തുണ നൽകിയതിനാൽ തന്നെ കമ്യൂണിസ്റ്റുപാർട്ടികൾ ഇടപ്പള്ളി കലാപത്തെ ഉയർത്തിക്കാട്ടേണ്ടതുണ്ട്.



കെ.സി. മാത്യു

**പുതിയ കാലഘട്ടത്തിൽ മർദ്ദിതരുടെ സമരങ്ങൾ വിവിധ രൂപങ്ങളിലുയരുന്നതുകൊണ്ട് തന്നെ ഇടപ്പള്ളിയെ അത്രവേഗം ആർക്കും അവഗണിക്കാനാവില്ല**

## അനഭിമതരുടെ കലാപം

പക്ഷേ, ഇന്ന് ഇടപ്പള്ളി 'ആഘോഷി'ക്കപ്പെടുന്നത് അനഭിമതരുടെ കലാപമായിട്ടാണ്. കലാപത്തിൽ പങ്കെടുത്തവർ പലരും കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിൽ നിർണ്ണായകമായി ഇടപെടുന്നവരായി മാറി. കെ.സി. മാത്യു എന്ന ഒന്നാം പ്രതി ലോക വിപ്ലവ യുവജനങ്ങൾക്ക് ബുഡാപെസ്റ്റിൽ നിന്ന് നേതൃത്വംകൊടുത്ത ഒരാളാണ്. സി.പി.ഐയിലാണ് തുടരുന്നതെങ്കിലും അവരുടെ രാഷ്ട്രീയ നയങ്ങളോട് കെ.സി. മാത്യു വിയോജിച്ചിരുന്നു. വിശ്രമജീവിതം നയിക്കുന്ന മാത്യു ഇന്ന് സി.പി.ഐക്ക് അത്ര സ്വീകാര്യനല്ല.

എൻ.കെ. മാധവൻ എന്ന 'തീക്കാറ്റ്' ഗ്രൂപ്പ് പ്രവർത്തനത്തിന്റെ ഇരയായി സി.പി.എമ്മിൽ നിന്ന് പുറത്താക്കപ്പെട്ടു. ഒടുവിൽ തീർത്തും ബഹിഷ്കൃതനായി കാലയവനികയ്ക്ക് പിന്നിൽ മറഞ്ഞു. മുൻ എം.പിയും ധനകാര്യമന്ത്രിയുമായ വി. വിശ്വനാഥ മേനോൻ ഇന്ന് സി.പി.എമ്മിന്റെ ചുറ്റുവട്ടങ്ങളിലൊന്നുമില്ല. എറണാകുളത്ത് സി.പി.എം. സ്ഥാനാർത്ഥിക്കെതിരെ തെരഞ്ഞെടുപ്പിൽ മത്സരിച്ചതോടെ തീർത്തും ബഹിഷ്കൃതനായ അദ്ദേഹം മൂവാറ്റുപുഴയിൽ വിശ്രമജീവിതം നയിക്കുന്നു. പയ്യപ്പിള്ളി ബാലനും സി.പി.എമ്മിനു അത്ര സ്വീകാര്യനല്ല. ഇടയ്ക്ക് ഒതുക്കപ്പെട്ടും ഇടയ്ക്ക് തലോടലേറ്റും പാർട്ടിക്കൊപ്പം ഒഴുകുന്നു. ഇടപ്പള്ളി കലാപത്തെ ഉയർത്തിപ്പിടിക്കുകയോ അനുസ്മരണം സംഘടിപ്പിക്കുകയോ ചെയ്താൽ ഈ അനഭിമതരെപ്പറ്റിയും പറയേണ്ടിവരും. അത് പാർട്ടിക്കു ക്ഷീണം ചെയ്യും. അതിനാൽ സമരത്തെ അവഗണിക്കുക എന്നതാണ് സി.പി.എം. നയം. കലാപത്തിൽ പങ്കെടുത്ത ചിലർ തള്ളിപ്പറഞ്ഞതോടെ ഇടപ്പള്ളി തീർത്തും തമസ്കരിക്കപ്പെട്ടു.

ഇടപ്പള്ളി അവഗണിക്കപ്പെടാൻ ഇതിനേക്കാളെല്ലാമുപരിയായി മറ്റൊരു രാഷ്ട്രീയ കാരണവും ഉണ്ട്. പാർലമെന്ററി പാതയിൽ അകപ്പെട്ട ഒരു കമ്യൂണിസ്റ്റ് പാർട്ടിക്ക് വിപ്ലവം എന്ന സങ്കൽപം തന്നെ പഴഞ്ചനാണ്. സമരങ്ങളെപ്പറ്റി പറയുന്നത് ദോഷകരം. പൊലീസ് സ്റ്റേഷൻ ആക്രമണം പോലുള്ള തീവ്ര പ്രവർത്തനത്തെപ്പറ്റി പറയുന്നതോ തീർത്തും അപകടകരം. ഇടപ്പള്ളി കലാപം നടന്ന് മാസങ്ങൾക്കുള്ളിൽ അഖിലേന്ത്യാ തലത്തിൽ രണദിവെ ലൈൻ കൈയൊഴിയപ്പെട്ടു. പിന്നീട് വലതുപക്ഷത്തേയ്ക്ക് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി അതിവേഗത്തിൽ പ്രയാണം നടത്തുകയും ചെയ്തു.

പക്ഷേ, ഇടപ്പള്ളി ചുട്ടുപൊള്ളുന്ന വിപ്ലവത്തിന്റെ ഒരു ഉരകല്ലാണ്. പുതിയ കാലഘട്ടത്തിൽ മർദ്ദിതരുടെ സമരങ്ങൾ വിവിധ രൂപങ്ങളിലുയരുന്നതുകൊണ്ട് തന്നെ ഇടപ്പള്ളിയെ അത്രവേഗം ആർക്കും അവഗണിക്കാനാവില്ല. ജനകീയ അധികാരത്തെ ലക്ഷ്യമാക്കുന്ന ഏതൊരു വരുംകാല കലാപത്തിനും ഇടപ്പള്ളിയുടെ കനലിലൂടെ ചവിട്ടാതെ കടന്നുപോവാനാവില്ല.